## ക്ലീൻ കേരള കമ്പനി ജില്ല ഗോഡൗണുകളുടെ പ്രവർത്തന പരിപാലനത്തിനായി ഏജൻസികളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു

ക്ലീൻ കേരള കമ്പനി **കോട്ടയം, ഇടുക്കി, പാലക്കാട്, കോഴിക്കോട്** ജില്ലകളിൽ അജൈവ പാഴ്വസ്തുക്കളുടെ പരിപാലനത്തിനായി പ്രവർത്തിപ്പിക്കുന്ന ഗോഡൗണുകൾ പി.പി.പി ( പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ ) മോഡലിൽ എടുത്ത് പ്രവർത്തന പരിപാലനം നടത്തുന്നതിന് താത്പര്യമുള്ള ഏജൻസികളിൽ നിന്ന് താത്പര്യപത്രം ക്ഷണിക്കുന്നു . താത്പര്യമുള്ള ഏജൻസികൾ സ്ഥാപനത്തിന്റെ പൂർണ്ണമായ വിവരങ്ങൾ, പ്രവർത്തിപരിചയം, പ്രവർത്തന പരിപാലന രീതി എന്നിവ കൃത്യമായി വിശദീകരിക്കുന്ന താത്പര്യപത്രം സീൽ ചെയ്ത കവറിൽ 28.03.2023 തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ് ( വിശദാംശങ്ങൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് ).

വിലാസം: ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്

TC 29 / 1732

വഴുതക്കാട്, തിരുവനന്തപുരം

പിൻ കോഡ് 695010

കൂടുതൽ വിവരങ്ങൾക്ക്:

OFFICE NO. : 0471 2724600

MAIL ID : cleankeralacompany@gmail.com

**ക്ലീൻ കേരള കമ്പനി ഗോഡൗണുകളുടെ പ്രവർത്തനം ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിഷ്ക്രിയ മാലിന്യത്തിൽ ഉൾപ്പെടുത്തി ശേഖരിക്കുന്ന തരംതിരിക്കാത്ത പാഴ്‌വസ്തുക്കൾ മാത്രം ഗോഡൗണുകളിൽ എത്തിക്കണം.
2. ഇപ്രകാരം എത്തിക്കുന്ന തരംതിരിക്കാത്ത പാഴ്‌വസ്തുക്കൾ ഗോഡൗണിൽ തരംതിരിക്കൽ പ്രക്രിയക്ക് വിധേയമാക്കാവുന്നതാണ്.
3. തരംതിരിവിലൂടെ ലഭിക്കുന്ന പുന:ചംക്രമണയോഗ്യമായ പാഴ്‌വസ്തുക്കൾ ഏജൻസിക്ക് വിപണനം നടത്താവുന്നതാണ്.
4. തരംതിരിവിന് ശേഷം ലഭിക്കുന്ന നിഷ്ക്രിയ പാഴ്‌വസ്തുക്കൾ ബെയിൽ ചെയ്തോ അല്ലാതെയോ സിമന്റ് ഫാക്ടറികളിലേക്ക് ടി ഏജൻസിക്ക് (അതിനുള്ള സംവിധാനങ്ങൾ ഉണ്ടെങ്കിൽ) കൈമാറാവുന്നതാണ്.
5. നിഷ്ക്രിയ മാലിന്യങ്ങൾ കൈമാറുന്നതിന് ഒരു കിലോഗ്രാമിന് തുക നിശ്ചയിച്ച് ഏജൻസിക്ക് നൽകാവുന്നതാണ്. സംവിധാനം ഇല്ലായെങ്കിൽ കമ്പനിക്ക് നേരിട്ട് മറ്റ് ഏജൻസികൾ മുഖാന്തിരം സിമന്റ് ഫാക്ടറികളിലേക്ക് കൈമാറാവുന്നതാണ്. (ആവശ്യമെങ്കിൽ പാഴ്‌വസ്തുക്കൾ ബെയിൽ ചെയ്ത് നൽകുന്നതിനുള്ള തുക ഏജൻസിക്ക് നൽകാവുന്നതാണ്).
6. ഗോഡൗണിൽ ആവശ്യാനുസരണം തൊഴിലാളികളെ ഏർപ്പെടുത്തി കൂലി, മറ്റ് ചിലവുകൾ വഹിക്കേണ്ട ഉത്തരവാദിത്വം ഏജൻസിക്കായിരിക്കും.
7. ഗോഡൗണിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ, മെഷീനുകൾ (ആവശ്യമെങ്കിൽ) വൈദ്യുതി, വെള്ളം, ശുചിമുറി എന്നിവ ലഭ്യമാക്കേണ്ട ഉത്തരവാദിത്വം കമ്പനിക്കാണ്.
8. ഗോഡൗണിന്റെ വൈദ്യുതി, വെള്ളം ഇനത്തിൽ ഉണ്ടാകുന്ന ചാർജുകൾ, പിപിഇ കിറ്റ്, തൊഴിലാളികളുടെ വേതനം, മറ്റ് ചെലവുകൾ എന്നിവ വഹിക്കേണ്ട ഉത്തരവാദിത്വം ഏജൻസിക്കാണ്.
9. ഗോഡൗൺ പ്രവർത്തിപ്പിക്കുന്ന ഏജൻസിക്ക് പുന:ചംക്രമണയോഗ്യമായ പാഴ്‌വസ്തുക്കൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കമ്പനിക്ക് വേണ്ടി ശേഖരിച്ച് വിപണനം നടത്തുന്നതിന് ഗോഡൗൺ സൗകര്യം ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഇതിനായി തരംതിരിച്ച പാഴ്‌വസ്തുക്കൾക്ക് കമ്പനി നിശ്ചയിച്ചിട്ടുള്ള തുക ഓരോ ആഴ്ചയിലും അടയ്ക്കേണ്ടതാണ്.
10. ഗോഡൗണുകൾ പ്രവർത്തന പരിപാലനവുമായി ബന്ധപ്പെട്ട് കമ്പനി നിശ്ചയിക്കുന്ന കരാർ വ്യവസ്ഥകൾ പാലിക്കുന്നതിന് ഏജൻസിക്ക് ബാധ്യതയുണ്ടായിരിക്കുന്നതാണ്.

11. ഏജൻസികളുടെ ഈ മേഖലയിലുള്ള പ്രവർത്തന പരിചയം കണക്കിലെടുത്തു മാത്രമെ ഗോഡൗൺ പരിപാലനത്തിനായി പരിഗണിക്കൂ.

12. ഗോഡൗണിൽ എത്തുന്നതും, വിപണനം നടത്തുന്നതും, സംസ്ക്കരണത്തിന് നൽകുന്നതുമായ് പാഴ്വസ്തുക്കളുടെ കണക്കുകൾ കൃത്യമായും ഗോഡൗണിൽ സൂക്ഷിക്കേണ്ടതും സി.കെ.സി.എൽ ജില്ലാമാനേജർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സി.കെ.സി.എൽ ൻെറ ഓഫീസ് സംവിധാനവും ഗോഡൗണിൽ പ്രവർത്തിക്കേണ്ടതാണ്.

13. വാടക കെട്ടിടങ്ങളിൽ പ്രവൃത്തിക്കുന്ന ഗോഡൗൺകളുടെ പ്രതിമാസ വാടകയിനത്തിൽ ഒരു നിശ്ചിത ശതമാനം തുക പ്രവർത്തനം ഏറ്റെടുക്കുന്ന മാസം മുതൽ കരാർ കാലാവധി അവസാനിക്കുന്നതുവരെ കരാർ വ്യവസ്ഥകൾക്കു വിധേയമായി നൽകേണ്ടതാണ്.

14. പ്രവർത്തന പരിപാലന കരാറിൽ ഏർപ്പെടുന്നതിനായി ഒരു ലക്ഷം രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്

ക്ലീൻ കേരള കമ്പനി